# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - 6355 — 08.11.2016 ൽ മറുപടി നൽകേണ്ടത്

## കേരളാ പബ്ളിക് സർവീസ് കമ്മീഷന്റെ പ്രവർത്തനം

| ചോദ്യം<br>ശ്രീ.ഹൈബി ഈഡൻ | ഉത്തരം<br>ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
|---|---|
| എ) കേരളാ പബ്ളിക് സർവീസ് കമ്മീഷന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് സ്വീകരിച്ചു വരുന്ന നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ; | എ) കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിലേയ്ക്കായി ആധുനിക സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തിക്കൊണ്ടുള്ള പ്രവർത്തനങ്ങൾ കൈക്കൊണ്ടു വരുന്നു. ഇതിന്റെ ഭാഗമായി One time Registration, One Time Verification എന്നീ പദ്ധതികൾ ആവിഷ്ക്കരിച്ച് വിജയകരമായി നടപ്പിൽ വരുത്തിയിട്ടുണ്ട്. അപേക്ഷ ക്ഷണിച്ച് സമയബന്ധിതമായി പരീക്ഷാ നടപടികൾ പൂർത്തിയാക്കി വേഗത്തിൽ റാങ്ക് പട്ടികകൾ പ്രസിദ്ധീകരിക്കുക എന്ന ലക്ഷ്യം മുൻനിർത്തി Online പരീക്ഷാ സമ്പ്രദായം ആരംഭിച്ചിട്ടുണ്ട്. ഇതിലേക്കായി തിരുവനന്തപുരം, പത്തനംതിട്ട, എറണാകുളം, കോഴിക്കോട് ജില്ലകളിലായി Online പരീക്ഷാകേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ട്.<br>ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതു മുതൽ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതു വരെയുള്ള പ്രവർത്തനങ്ങളിൽ സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തി നടപടികൾ കൂടുതൽ കൃത്യതയോടും കാര്യക്ഷമതയോടും പൂർത്തിയാക്കുന്നതിലേക്കായുള്ള പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുകയാണ്. |
| ബി) പി.എസ്.സി ചെയർമാൻ, മെമ്പർമാർ തുടങ്ങിയവരുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനൊപ്പം അവരുടെ പ്രവർത്തനം വിലയിരുത്താൻ പ്രത്യേക നടപടികൾ ഉണ്ടാകുമോ; വിശദാംശം ലഭ്യമാക്കുമോ; | ബി) ഒരു ഭരണഘടനാസ്ഥാപനമായ പി.എസ്.സിയുടെ ചെയർമാൻ, അംഗങ്ങൾ എന്നിവരുടെ പ്രവർത്തനം ഭരണഘടനാനുസൃതമായി സ്വയം നിയന്ത്രണത്തിന് വിധേയമാണ്. |

(സി) വിവിധ സബ് കമ്മിറ്റികൾ മുൻപാകെ കേരളാ പബ്ളിക് സർവീസ് കമ്മീഷനിൽ കെട്ടിക്കിടക്കുന്ന ഫയലുകൾ തീർപ്പ് കല്പിക്കാൻ അടിയന്തര നടപടികൾ സ്വീകരിക്കുമോ; ഇങ്ങനെ വിവിധ സബ് കമ്മിറ്റികൾ മുൻപാകെ ആറ് മാസത്തിന് മേൽ കെട്ടി കിടക്കുന്ന ഫയലുകളുടെ എണ്ണം തീയതി വച്ച് ലഭ്യമാക്കുമോ?

(സി) വിവിധ സബ് കമ്മിറ്റികൾ മുമ്പാകെ പരിഗണനയ്ക്ക് വരുന്ന ഫയലുകളിൻമേൽ തീർപ്പുകൽപ്പിച്ച് നടപടിക്രമങ്ങൾ പൂർത്തിയാക്കി വരുന്നുണ്ട്.

അക്കാഡമിക് സബ്കമ്മിറ്റി മുമ്പാകെയുള്ള 30.03.2016 ന് മുമ്പ് സമർപ്പിച്ച ഒരു ഫയൽ ഒഴികെ മറ്റ് സബ്കമ്മിറ്റികളുടെ മുമ്പാകെ ആറുമാസത്തിലേറെയായി കെട്ടിക്കിടക്കുന്ന ഫയലുകൾ ഒന്നുതന്നെയില്ല.

**സെക്ഷൻ ഓഫീസർ**